**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 789** **09-08-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ സഹകരണ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഭരണഘടനയുടെ സംസ്ഥാന പട്ടികയിൽ വരുന്ന സഹകരണമെന്ന വിഷയം കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന വിഷയമായ സഹകരണത്തിന്റെ അടിസ്ഥാനത്തിലാണ് സഹകരണ നിയമം പാസ്സാക്കിയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഒരു സമാന്തര സിസ്റ്റം രൂപീകരിക്കുന്നതിനുമുള്ള നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചു വരുന്നത്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി ബാങ്കിംഗ് നടത്തുന്ന സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ സഹകരണ മേഖലയ്ക്ക് സമാന്തര പാത സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ടാണ്. ആയതിലെ വ്യവസ്ഥകൾ പ്രകാരം ഒരു സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ഒരു മൾട്ടി സ്റ്റേറ്റ് സംഘത്തിൽ ലയിക്കുന്നതിനും സംഘങ്ങളെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങളാക്കി മാറ്റുന്നതിനും വഴിയൊരുക്കുന്നതാണ്. |
| (ബി) | നബാർഡിനെ ഒഴിവാക്കി നാഷണൽ സഹകരണ ബാങ്ക് രൂപീകരിക്കാനുള്ള നിർദ്ദേശം ദേശീയ സഹകരണ നയത്തിൽ ഉണ്ടെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | നബാർഡിനെ ശാക്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ